## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 165. 25-03-2013 -ൽ മറുപടിക്ക്.

### മദ്യപാനംമൂലം തകർന്നുപോയ കുടുംബങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ:<br>ശ്രീമതി പി. അയിഷാ പോറ്റി:<br>ശ്രീ. എസ്. രാജേന്ദ്രൻ:<br>" ബി. ഡി. ദേവസ്സി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യപാനംമൂലം തകർന്നുപോയ കുടുംബങ്ങളുടെ സംരക്ഷണം ഉറപ്പാക്കാൻ മദ്യവില്പനയിൽ നിന്നുള്ള വരുമാനം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും, അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും, സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ് 2012-13-ലെ പുതിയ മദ്യനയം. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹിക തിന്മകൾക്കെതിരെ, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും സഹകരിപ്പിച്ചുകൊണ്ട്, ശക്തവും ഫലപ്രദവുമായ പ്രവർത്തനങ്ങളിലൂടെ, ബോധവൽക്കരണത്തിലൂന്നി, ഘട്ടം ഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി കർക്കശമായ വ്യവസ്ഥകളാണ് പ്രഖ്യാപിത മദ്യനയത്തിൽ സർക്കാർ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിന്, മദ്യശാലകൾക്ക് ലൈസൻസ് നൽകുന്നതിൽ നിയന്ത്രണമേർപ്പെടുത്തുകയും, ബാറുകളുടെ പ്രവൃത്തി സമയത്തിൽ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്. മദ്യനയത്തിലെ വ്യവസ്ഥകളനുസരിച്ച് കൊണ്ടുവന്ന ചില നിയമ ഭേദഗതികൾ, ബഹു. ഹൈക്കോടതി റദ്ദാക്കിയതിനെതിരെ, സർക്കാർ, ബഹു. സുപ്രീം കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്. 2013-14-ലെ മദ്യനയം രൂപീകരിക്കുന്നതിനായുള്ള സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന്, റിട്ട. ഹൈക്കോടതി ജഡ്ജി എം. രാമചന്ദ്രനെ, ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പനയിലൂടെ ലഭിക്കുന്ന തുകയിൽ നിന്നും, ടി കോർപ്പറേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീമിന്റെ ഭാഗമായി, 3.50 കോടി രൂപ, ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്ന |

തിനും, ജില്ലകളിൽ ഡയാലിസിസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് വിനിയോഗിക്കുന്നതിനും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്നതിന്, സർക്കാർ/സർക്കാരിതര സന്നദ്ധ സംഘടനകളെ തിരഞ്ഞെടുക്കുന്നതിനായി, സംസ്ഥാനതല സമിതിയും, ജില്ലാതല സമിതികളും രൂപീകരിക്കുകയും തദനുസൃതമായ നടപടികൾ സ്വീകരിച്ചു വരികയുമാണ്. എന്നാൽ, മദ്യവില്പനയിൽ നിന്നുള്ള വരുമാനം, മദ്യപാനം മൂലം തകർന്നുപോയ കുടുംബങ്ങളുടെ സംരക്ഷണത്തിനായി ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള ശുപാർശകളോ/നിർദ്ദേശങ്ങളോ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

| | | | |
|---|---|---|---|
| (ബി) | മദ്യ ഉല്പന്നങ്ങളുടെ 2013-14 വർഷത്തെ വിപണന ലക്ഷ്യം എന്തു തുകയുടേതാണ്; ഇതിലൂടെ പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം എത്ര; ഇത് മുൻവർഷത്തേതിനേക്കാൾ എത്ര ശതമാനം കൂടുതലാണ്; | (ബി) | 2013-14 വർഷത്തേക്ക് ഒരു പ്രത്യേക മദ്യ വിപണന ലക്ഷ്യം നിജപ്പെടുത്തിയിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തിലെ വില്പനയുടെ പ്രവണത തന്നെ തുടരുകയും, ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന നികുതി 100%-ൽ നിന്നും 105%-മായി ഉയർത്തിയ സാഹചര്യത്തിലും, 2013-14 വർഷത്തിൽ ഏകദേശം 10,332 കോടി രൂപയുടെ വില്പനയാണ് പ്രതീക്ഷിക്കുന്നത്. ഈ തുകയ്ക്ക് വില്പന നടക്കുകയാണെങ്കിൽ, 2013-14 സാമ്പത്തിക വർഷത്തിൽ, ഏകദേശം 8,226 കോടി രൂപ സർക്കാർ ഖജനാവിൽ റവന്യൂ വിഹിതമായി ബിവറേജസ് കോർപ്പറേഷന് നൽകാൻ കഴിയും. ഇത് മുൻ വർഷത്തേതിനേക്കാൾ 14% കൂടുതലാണ്. |
| (സി) | വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതുമൂലമുള്ള സാമൂഹ്യ വിപത്തും പരിഗണിച്ച് മദ്യത്തിന്റെ വിപണന ലക്ഷ്യത്തിൽ കുറവ് വരുത്താനുദ്ദേശിക്കുന്നുണ്ടോ; | (സി) | മദ്യത്തിന്റെ വിപണന ലക്ഷ്യം നേടുക എന്നുള്ളത് മദ്യനയത്തിന്റെ ഭാഗമല്ല, മദ്യനയത്തിന്റെ പരിധിക്കുള്ളിൽ KSBC -യുടെ പ്രവർത്തന ലക്ഷ്യം മാത്രമാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ബോധവൽക്കരണ നടപടികളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. |
| (ഡി) | മദ്യം പൊതുമേഖലയിൽ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ആവശ്യമായ മദ്യം, പൊതുമേഖലയിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച് വിവിധ വശങ്ങൾ പരിശോധിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ആഫീസർ